**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1616** **28-07-2021 - ൽ മറുപടിയ്ക്ക്**

**പരിയാരം ഗവ. ആയുർവേദകോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പരിയാരം ഗവ. ആയുർവേദ കോളേജിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (എ) | 1) പുതിയ ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം പി.ഡബ്ല്യൂ.ഡി സമർപ്പിച്ച 6.62 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റ ഒന്നാം നില നിർമ്മിക്കുന്നതിന് 2കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും സിവിൽ പ്രവൃത്തികൾ ഏതാണ്ട് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2)ആശുപത്രി ഐ.പി. കെട്ടിടത്തിന് മുകളിൽ പേ വർഡ് കെട്ടിട നിർമ്മാണം 2020-21 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ആശുപത്രി കെട്ടിടത്തിന് മുകളിൽ പേ വാർഡ് കെട്ടിടം നിർമ്മിക്കുന്നതിന് 1.92 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം മേൽ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 3) സി ബ്ലോക്കിന് മുകളിൽ ട്രസ്റ്റ് റൂഫ് നിർമ്മാണം കോളേജിന്റെ സി ബ്ലോക്കിന് മുകളിൽ ട്രസ്സ് റൂഫ് നിർമ്മിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം മേൽ നിർമ്മാണ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി ആരംഭിച്ചിട്ടുണ്ട്. 4) ആനിമൽ ഹൗസ് കെട്ടിട നിർമ്മാണം കോളേജിനോടനുബന്ധിച്ച് ആനിമൽ ഹൗസ് കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 വർഷം 26 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം മേൽ കെട്ടിടനിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പി.ഡബ്ല്യൂ.ഡി സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തികരിച്ച് ഉടൻ തന്നെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 5) സെൻട്രൽ റിസർച്ച് ലബോറട്ടറി കെട്ടിട നിർമ്മാണം കോളേജിനോടനുബന്ധിച്ച് സെൻട്രൽ റിസർച്ച് |

| | | | |
|---|---|---|---|
| | | | ലബോറട്ടറി കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 വർഷം 58.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം മേൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പി.ഡബ്ല്യൂഡി സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ